# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 സെപ്റ്റംബർ 3

## വാർത്താക്കുറിപ്പ്

---

**– സംസ്ഥാനത്തെ ആദ്യ വായു മലിനീകരണ നിരീക്ഷണ മൊബൈൽ സ്റ്റേഷൻ എം .ജി.യിൽ പ്രവർത്തനം തുടങ്ങി**

# കോട്ടയം നിരന്തര നിരീക്ഷണത്തിലാണ്; വായു മലിനമായാൽ ഉടനടി അറിയാം

വായു മലിനീകരണം നിരന്തരം നിരീക്ഷിക്കുന്നതിനായി മഹാത്മാഗാന്ധി സർവകലാശാല തയാറാക്കിയ കേരളത്തിലെ ആദ്യ സഞ്ചരിക്കുന്ന മൊബൈൽ ആംബിയന്റ് എയർ ക്വാളിറ്റി മോണിറ്ററിംഗ് സ്റ്റേഷൻ (എം.എ.എ.ക്യൂ.എം.എസ്.) പ്രവർത്തനമാരംഭിച്ചു. ആദ്യഘട്ടത്തിൽ കോട്ടയം ജില്ലയിലെ വിവിധയിടങ്ങളിലെ വാ യു മലിനീകരണത്തിന്റെ തോത് നിരന്തര നിരീക്ഷണത്തിന് വിധേയമാക്കും . തുടർന്ന് മറ്റിടങ്ങളിലേക്കും നിരീക്ഷണം വ്യാപിപ്പിക്കും.

വിവിധ സ്ഥലങ്ങളിലെ വായു മലിനീകരണത്തിന്റെ അളവ് നിരന്തര നിരീക്ഷണത്തിലൂടെ കണ്ടെത്താനും ആരോഗ്യ മുന്നറിയിപ്പുകൾ നൽകാനും സഹായകമായ മൊബൈൽ സംവിധാനമാണ് ശാസ്ത്ര-സാങ്കേതിക വകുപ്പിന്റെ സഹായത്തോടെ എം .ജി. സർവകലാശാല സ് കൂൾ ഓഫ് എൻവയൺമെന്റൽ സയൻസസ് തയാറാക്കിയത്. അന്തരീക്ഷത്തിലെ രണ്ടുതരത്തിലുള്ള പൊടിപടലങ്ങൾ , കാർബൺ ഡയോക്സൈഡ്, നൈട്രജൻ ഓക്സൈഡ്, നൈട്രജൻ ഡയോക്സൈഡ്, സൾഫർ ഡയോക്സൈഡ്, ഓസോൺ എന്നിവയുടെ തോത് നിരീക്ഷിക്കും . വായു മലിനീകരണത്തിലെ ചെറിയ മാറ്റങ്ങൾ പോലുമറിയാം. വാഹനത്തിന്റെ ഫ്ളാഗ് ഓഫ് സ് കൂൾ ഓഫ് എൻവയൺമെന്റൽ സയൻസസ് അങ്കണത്തിൽ വൈസ് ചാൻസലർ പ്രൊഫ . സാബു തോമസ് നിർവഹിച്ചു . നാടിനോടും പരിസ്ഥിതിയോടുമുള്ള പ്രതിബദ്ധത ഊട്ടിയുറപ്പിക്കുന്ന സംരംഭങ്ങൾക്കും ഗവേഷണത്തിനുമാണ് സർവകലാശാല ഊന്നൽ നൽകുന്നതെന്ന് അദ്ദേഹം പറഞ്ഞു.

സർവകലാശാല പ്രോ വൈസ് ചാൻസലർ പ്രൊഫ . സി.റ്റി. അരവിന്ദകുമാർ, സിൻഡിക്കേറ്റംഗം പ്രൊഫ. കെ. ജയചന്ദ്രൻ, സ്കൂൾ ഓഫ് എൻവയൺമെന്റൽ സയൻസസ് ഡയറക്ടർ ഡോ . ഇ.വി. രാമസ്വാമി, ഡോ.എ.പി. തോമസ്, ഡോ. മഹേഷ് മോഹൻ, ഡോ. കെ.ആർ. ബൈജു, ഡി.എസ്.ടി. പഴ്സ് കോ-ഓർഡിനേറ്റർ പ്രൊഫ. കീർത്തി, ഡോ. വി.പി. സൈലസ് എന്നിവർ പങ്കെടുത്തു.

### ഫോട്ടോ ക്യാപ്ഷൻ

**വായു മലിനീകരണം നിരന്തരം നിരീക്ഷിക്കുന്നതിനായി മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് എൻവയൺമെന്റൽ സയൻസസ് ഒരുക്കിയ കേരളത്തിലെ ആദ്യ സഞ്ചരിക്കുന്ന മൊബൈൽ ആംബിയന്റ് എയർ ക്വാ ളിറ്റി മോണിറ്ററിംഗ് സ്റ്റേഷന്റെ ഫ് ളാഗ് ഓഫ് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് നിർവഹിക്കുന്നു.**

(പി.ആർ.ഒ./39/1622/2019)

# വായു മലിനീകരണം ഏറ്റവുമധികം

# ബാധിക്കുക സ്ത്രീകളെയും കുട്ടികളെയും

വായു മലിനീകരണം കൂടുതൽ ദുരിതം വിതയ്ക്കുന്നത് സ്ത്രീകളിലും കുട്ടികളിലുമെന്ന് ബനാറസ് ഹിന്ദു സർവകലാശാലയിലെ അധ്യാപിക പ്രൊഫ . മധുമിക അഗർവാൾ. വായു മലിനീകരണവുമായി ബന്ധപ്പെട്ട് മഹാത്മാഗാന്ധി സർവകലാശാല സ് കൂൾ ഓഫ് എൻവയൺമെന്റൽ സയൻസസ് സംഘടിപ്പിച്ച ദേശീയ സെമിനാറിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അവർ.

വീടുകളിൽ വിവിധ ആവശ്യങ്ങൾക്കായി കൽക്കരിയും വിറകും പ്ലാസ്റ്റിക്കുമടക്കം കത്തിക്കുന്നത് പതിവാണ്. ഇത് വലിയതോതിൽ വായു മലിനീകരണത്തിന് കാരണമാകുന്നു . ഇത്തരം പ്രവർത്തികളിൽ കൂടുതലായി ഇടപെടുന്നത് സ്ത്രീകളായതിനാൽ ഇതിന്റെ ദുരിതവും പലതരത്തി ൽ ഇവർ അനുഭവിക്കുന്നു . ഗാർഹികമായുള്ള വായു മലിനീകരണം കുട്ടികളെയും ബാധിക്കുന്നു . പ്രഭാതസമയത്താണ് ഏറ്റവും കൂടുതൽ അന്തരീക്ഷ മലിനീകരണം നടക്കുന്നതെന്നും മധുമിക പറഞ്ഞു.

ഏകദിന സെമിനാർ സർവകലാശാല പ്രൊ -വൈസ് ചാൻസിലർ പ്രൊഫ സി .റ്റി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്തു . വായു മലിനീകരണവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ പ്രൊഫ . ബി.എസ്. അഗർവാൾ, ഡോ. അഭിലാഷ്,, പ്രൊഫ. കെ. ഉഷ എന്നിവർ പ്രബന്ധം അവതരിപ്പിച്ചു . സിൻഡിക്കേറ്റംഗം പ്രൊഫ. കെ. ജയചന്ദ്രൻ, പരിസ്ഥിതി ശാസ്ത്ര പഠന വകുപ്പ് മേധാവി പ്രൊഫ . ഇ. വി രാമസ്വാമി , ഡോ.എ.പി. തോമസ്, ഡി.എസ്.ടി. പഴ്സ് കോ -ഓർഡിനേറ്റർ പ്രൊഫ . കീർത്തി, പ്രോഗ്രാം കോർഡിനേറ്റർ ഡോ . മഹേഷ് മോഹൻ , ഡോ. കെ.ആർ. ബൈജു, ഡോ. വി.പി. സൈലസ് എന്നിവർ പ്രസംഗിച്ചു.

(പി.ആർ.ഒ./39/1623/2019)

## പരീക്ഷ ഫലം

2019 മേയിൽ നടന്ന ഒന്നാം സെമസ്റ്റർ എം .ഫിൽ. സുവോളജി(2016-17 ബാച്ച്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും സെപ്റ്റംബർ 16 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1624/2019)

2019 മേയിൽ നടന്ന മൂന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് സയൻസ് /മാസ്റ്റർ ഓഫ് അപ്ലൈഡ് സയൻസ് ബയോമെഡിക്കൽ ഇൻസ്ട്രുമെന്റേഷൻ (നോൺ സി .എസ്.എസ്.) റഗുലർ/സപ്ലിമെന്ററി പരീക്ഷ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് സെപ്റ്റംബർ 16 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1625/2019)

2019 ഏപ്രിലിൽ നടന്ന മൂന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് സ യൻസ്/എം.എസ് സി . മെഡിക്കൽ ബയോകെമിസ്ട്രി റഗുലർ/സപ്ലിമെന്ററി പരീക്ഷ ഫലം പ്രസിദ്ധീകരിച്ചു . സൂക്ഷ്മപരിശോധനയ്ക്ക് സെപ്റ്റംബർ 16 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1626/2019)

## പ്രാക്ടിക്കൽ

2019 ജൂലൈയിൽ നടന്ന എം .എ. രണ്ടാം സെമസ്റ്റർ മ്യൂസിക് വോക്കൽ (സി.എസ്.എസ്-2018 അഡ്മിഷൻ റഗുലർ /2015, 2016, 2017 അഡ്മിഷൻ സപ്ലിമെന്ററി /2012, 2013, 2014 അഡ്മിഷൻ മേഴ്സി ചാൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ സെപ്റ്റംബർ 17 മുതൽ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളജിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1627/2019)

## പരീക്ഷ തീയതി

സെപ്റ്റംബർ 25ന് ആരംഭിക്കുന്ന ഒന്നാംവർഷ എം .എസ് സി. മെഡിക്കൽ മൈക്രോബയോളജി (2016 അഡ്മിഷൻ മുതൽ ) പരീക്ഷകൾ സപ്ലിമെന്ററി വിദ്യാർഥികൾക്കൊപ്പം റഗുലർ വിദ്യാർഥികൾക്കും എഴുതാം. വിശദവിവരം വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1628/2019)

ഒന്നാം സെമസ്റ്റർ ബി .വോക് (2014 സ്കീം-2018 അഡ്മിഷൻ റഗുലർ /സപ്ലിമെന്ററി) പരീക്ഷ സെപ്റ്റംബർ 25ന് ആരംഭിക്കും . പിഴയില്ലാതെ സെപ്റ്റംബർ അഞ്ചു വരെയും 500 പിഴയോടെ സെപ്റ്റംബർ ആറു വരെയും 1000 രൂപ സൂപ്പർ ഫൈനോടെ സെപ്റ്റംബർ 16 വരെയും അപേക്ഷിക്കാം . വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1629/2019)

ഒന്നാംവർഷ എം .എഫ്.എ. ( 2018 അഡ്മിഷൻ റഗുലർ /സപ്ലിമെന്ററി) രണ്ടാം വർഷ എം .എഫ്.എ. (2017 അഡ്മിഷൻ റഗുലർ /സപ്ലിമെന്ററി) പരീക്ഷകൾ സെപ്റ്റംബർ 19 മുതൽ തൃപ്പൂണിത്തുറ ആർ .എൽ.വി. മ്യൂസിക് ആൻഡ് ഫൈൻ ആർട് സ് കോളജിൽ ആരംഭിക്കും . പിഴയില്ലാതെ സെപ്റ്റംബർ അഞ്ചുവരെയും 500 രൂപ പിഴയോടെ സെപ്റ്റംബർ ആറുവരെയും 1000 രൂപ സൂപ്പർ ഫൈനോടെ സെപ്റ്റംബർ ഏഴുവരെയും അപേക്ഷിക്കാം. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1630/2019)

സ്കൂൾ ഓഫ് പെഡഗോജിക്കൽ സയൻസസിലെ ഒന്നാം സെമസ്റ്റർ എം .ഫിൽ (സി.എസ്.എസ്. 2018-19) പരീക്ഷ സെപ്റ്റംബർ 24ന് ആരംഭിക്കും . പിഴയില്ലാതെ സെപ്റ്റംബർ 18 വരെയും 50 രൂപ പിഴയോടെ സെപ്റ്റംബർ 20 വരെയും അപേക്ഷിക്കാം. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1631/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ